കടകൾ, സൂപ്പർ ഹൈപ്പർ മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്ന് ശേഖരിച്ച പച്ചക്കറികൾ പരിശോധിച്ച് അവയിലെ വിഷാംശത്തിന്റെ തോത് അനുസരിച്ച് പരിശോധനാഫലം കാർഷിക സർവ്വകലാശാല, കൃഷിവകുപ്പ് എന്നിവയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. ഇതുവഴി ഉപഭോക്താക്കൾക്ക് ആവശ്യമായ മുന്നറിയിപ്പ് ലഭിക്കുന്നു.

അന്യസംസ്ഥാനത്തുനിന്നും വരുന്ന പഴങ്ങൾ, പച്ചക്കറികൾ എന്നിവയിൽ കീടനാശിനിയുടെ അംശം കണ്ടെത്തിയിട്ടുണ്ട്. ചെക്ക് പോസ്റ്റ് കേന്ദ്രീകരിച്ച് ഉത്സവ കാലയളവുകളിൽ സ്പെഷ്യൽ സ്ക്വാഡുകളെ നിയോഗിച്ച് പച്ചക്കറികൾ കൊണ്ടുവരുന്ന വാഹനങ്ങൾ പരിശോധിക്കുകയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്യാറുണ്ട്. കൂടാതെ പ്രത്യേക സാഹചര്യങ്ങളിൽ അതിർത്തി ചെക്ക് പോസ്റ്റുകളുള്ള ജില്ലയിൽ പ്രത്യേക ജാഗ്രതാ നിർദ്ദേശം നൽകി അതിർത്തി കടന്ന് വരുന്ന ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ കൂട്ടത്തലായി ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. എല്ലാ മാസവും ചെക്ക്പോസ്റ്റ് കേന്ദ്രീകരിച്ചുള്ള പരിശോധനയും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി&സി) ചെക്ക്പോസ്റ്റുകളിൽ ഇത്തരം പരിശോധനകൾക്ക് സ്ഥിരം സംവിധാനങ്ങളില്ല. എന്നാൽ അന്യസംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവരുന്നവ ഉൾപ്പെടെ എല്ലാത്തരം ഭക്ഷ്യോത്പന്നങ്ങളുടെയും സാമ്പിളുകൾ ചെക്ക്പോസ്റ്റുൾപ്പെടെയുള്ള സ്ഥലങ്ങളിൽനിന്ന് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലുള്ള അനലിറ്റിക്കൽ ലാബുകളിലും കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിലും അയച്ച് പരിശോധിക്കാറുണ്ട്. പരിശോധനകൾ കർശനമാക്കുന്നതിലൂടെ ഇക്കാര്യത്തിൽ മാറ്റമുണ്ടാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കാർഷികമേഖലയിലെ വികസനത്തിനായുള്ള ചെലവ്

161 (2996) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികമേഖലയുടെ സമഗ്രവികസനത്തിനായി ഏർപ്പെടുത്തിയ ഇടുക്കി, കുട്ടനാട്, വയനാട് പാക്കേജുകൾക്കായി നാളിതുവരെ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഇതുവരെ എത്ര കർഷകർ ഗുണഭോക്താക്കളായിയെന്ന് പറയാമോ;

(സി) ഓരോ പദ്ധതികൾക്കും കേന്ദ്രം വാഗ്ദാനം ചെയ്ത തുകയും ലഭിച്ച തുകയും എത്ര; വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കുട്ടനാട് പാക്കേജ് - 8546.756 ലക്ഷം രൂപ

ഇടുക്കി പാക്കേജ് - 1354.2476 ലക്ഷം രൂപ

വയനാട് പാക്കേജ് - 5547.46 ലക്ഷം രൂപ

(ബി)

ഇടുക്കി പാക്കേജ് - 28537 കർഷകർ

വയനാട് പാക്കേജ് - 160583 കർഷകർ

കുട്ടനാട് പാക്കേജ് - വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) കുട്ടനാട് പാക്കേജ്

പാക്കേജിൽ ഉൾപ്പെടുത്തി വിവിധ പദ്ധതി ഘടകങ്ങൾക്കായി സമർപ്പിച്ച പ്രൊപ്പോസലുകളുടെ അടങ്കൽ തുക (വാഗ്ദാനം ചെയ്തത്)12520.685 ലക്ഷം രൂപയും അനുവദിച്ച തുക 8564.12 ലക്ഷം രൂപയുമായിരുന്നു.

ഇടുക്കി പാക്കേജ്

പാക്കേജിൽ ഉൾപ്പെടുത്തി വിവിധ പദ്ധതി ഘടകങ്ങൾക്കായി സമർപ്പിച്ച പ്രൊപ്പോസലുകളുടെ വാഗ്ദാനം ചെയ്ത തുക 2467.925 ലക്ഷം രൂപയും അനുവദിച്ച തുക 1354.2476 ലക്ഷം രൂപയുമാണ്.

വയനാട് പാക്കേജ്

പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ്.

ചതുപ്പുനിലങ്ങളിൽ നെൽകൃഷി

162 (2997) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചതുപ്പുനിലങ്ങളിൽ നെൽകൃഷിയും അനുബന്ധ കൃഷികളും നടത്തുന്നതിന് പദ്ധതിയുണ്ടോ;

(ബി) ഇതിനായി കേന്ദ്ര സഹായം ലഭ്യമായിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് എപ്രകാരമാണ്;വ്യക്തമാക്കാമോ;

(സി) കാർഷിക രംഗത്ത് പുത്തനുണർവ് നൽകുന്ന ഇത്തരം പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly